**അനുബന്ധം**

11-02-2025-ലെ ചോദ്യം നം.*62-ന്റെ ഉത്തരത്തിലെ അനുബന്ധം

## പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതികൾപ്രകാരം വാങ്ങി നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ

- ► തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിക്കായി രണ്ട് പതിറ്റാണ്ടായി നടത്തിവന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമപ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.
- ► കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡ്ഡിൽ താമസിച്ചുവന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് വീതം ഭൂമി ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം വാങ്ങിനൽകി.
- ► പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 20 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമപ്രകാരം

കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 23 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

► തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽനിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.

► മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്കുകൂടി ഒരേക്കർ വീതം ഭൂമി അനുവദിച്ചു.

► മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതിപ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 570 പേർക്ക് 176.10 ഏക്കർ വിതരണം ചെയ്യുകയും 37 ഹെക്ടർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.